**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 884 — 30.11.2018 ന് മറുപടിയ്ക്ക്.

**<u>നെല്ലിയാമ്പതിയിലും പറമ്പിക്കുളത്തും വീൽട്രാക്ക് നിർമ്മാണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ തകർന്ന നെല്ലിയാമ്പതിയിലെ ആനമട റോഡിലും, പറമ്പിക്കുളത്തെ പൂപ്പാറ കോളനി റോഡിലും വീൽട്രാക്ക് പണിയുന്നതിന് വനം വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ , | (എ) നെന്മാറ വനം ഡിവിഷനു കീഴിലെ നെല്ലിയാമ്പതിയിലെ ആനമട റോഡിൽ വീൽട്രാക്ക് പണിയുന്നതിന് വനം വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ പറമ്പിക്കുളം കടുവാ സങ്കേതത്തിനു കീഴിലെ എർത്ത്ഡാം മുതൽ പൂപ്പാറ വരെയുള്ള റോഡിൽ വീൽട്രാക്ക് ചെയ്യുന്നതിന് വനം വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് ടി പ്രവർത്തിക്കായി തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത റോഡുകളിൽ വീൽട്രാക്ക് പണിയുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ , ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് നിലവിൽ വരുന്നതിനു മുമ്പുള്ള Kutcha ഫോറസ്റ്റ് റോഡുകൾ Pucca റോഡാക്കി മാറ്റുന്നതിന് 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്. 1980-നു ശേഷം നിലവിൽ വന്ന ഫോറസ്റ്റ് റോഡുകൾ വികസിപ്പിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി കൂടി ആവശ്യമുണ്ട്.<br>നാഷണൽ പാർക്ക്, ദേശീയോദ്യാനങ്ങൾ തുടങ്ങിയ സംരക്ഷിത പ്രദേശങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മേൽ വിവരിച്ചതു കൂടാതെ ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരമുള്ള ദേശീയ വന്യജീവി ബോർഡിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ